പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 4560

18.05.2017 ൽ മറുപടിക്ക്

## മലപ്പുറം ജില്ലയിലെ ക്വാറികളുടെ പ്രവർത്തനം

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. പി.ഉബൈദുള്ള | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) മലപ്പുറം ജില്ലയിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള ക്വാറികളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | (എ) | മലപ്പുറം ജില്ലയിലെ ക്വാറികളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും നിയമലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും മൈനിംഗ് & ജിയോളജി വകുപ്പിന്റെ മലപ്പുറം ജില്ലാ ഓഫീസിന് അധികാരമുണ്ട്. കൂടാതെ അനധികൃത ക്വാറികൾ കണ്ടെത്തുന്നതിന് കേരള മിനറൽ സ്ക്വാഡ് (വടക്കൻ മേഖല) ഉം പ്രവർത്തിക്കുന്നുണ്ട്. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള ക്വാറി പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടാൽ പരിശോധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് അധികൃതരെ വിവരം അറിയിക്കാൻ പോലീസ്, റവന്യൂ ഉദ്യോഗസ്ഥർക്ക് അധികാരം നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാർ സ്ഥാപനമായ ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന Directorate General of Mine Safety ലെ ഉദ്യോഗസ്ഥരാണ് ക്വാറിയിലെ സുരക്ഷാ മാനദണ്ഡങ്ങൾ പരിശോധിക്കുവാൻ നിയമപരമായി അധികാരപ്പെട്ടവർ. |
| (ബി) ജില്ലയിൽ ക്വാറി മാപ്പിംഗ് പൂർത്തിയായിട്ടുണ്ടോ; എന്തെല്ലാം വിവരങ്ങളാണ് ഇതുവഴി ശേഖരിച്ചത്; വിശദാംശം നൽകുമോ; | (ബി) | പൂർത്തിയായിട്ടുണ്ട്. മലപ്പുറം ജില്ലയിൽ പ്രവർത്തിക്കുന്നതും പ്രവർത്തനം നിർത്തിവച്ചിട്ടുള്ളതും കാലഹരണപ്പെട്ടതുമായ എല്ലാ ക്വാറികളുടെയും ലൊക്കേഷൻ, നിലവിൽ പ്രവർത്തിച്ചുവരുന്ന ക്വാറികളുടെ പെർമിറ്റ് വിവരങ്ങൾ, ധാതുവിന്റെ ഇനം, സ്വഭാവം, സ്ഥലത്തിന്റെ ഘടനാപരമായ സവിശേഷതകൾ എന്നീ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. |
| (സി) റവന്യൂ ഭൂമി കൈയ്യേറി വൻതോതിൽ പാറ പൊട്ടിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | റവന്യൂ വകുപ്പിൽ നിന്നുള്ള NOC പ്രകാരം മൈനിംഗ് & ജിയോളജി വകുപ്പ് റവന്യൂ ഭൂമിയിൽ ഖനനാനുമതി നൽകാറുണ്ട്. ഇപ്രകാരം ഖനനാനുമതി നൽകിയ സ്ഥലത്തിനു പുറത്ത് ഖനനം നടക്കുന്നത് കണ്ടെത്തുമ്പോൾ ഖനനം നിർത്തിവയ്പ്പിച്ച് |

| | | | |
|---|---|---|---|
| | | | നിയമാനുസൃത നടപടി സ്വീകരിക്കുന്നുണ്ട്. വൻതോതിലുള്ള കയ്യേറ്റങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (ഡി) | അനധികൃത ക്വാറികൾ പ്രവർത്തിക്കു ന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ അടച്ചുപൂട്ടുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ബഹു. സുപ്രീംകോടതി ഉത്തരവ് പ്രകാരം 02.12.2016 മുതൽ ക്വാറി പ്രവർത്തനത്തിന് പാരിസ്ഥിതികാനുമതി നിർബന്ധമായ സാഹചര്യത്തിൽ പാരിസ്ഥിതികാനുമതി ഇല്ലാതെ പ്രവർത്തിച്ചിരുന്ന ക്വാറികളുടെ പ്രവർത്തനം നിർത്തിവയ്പ്പിക്കേണ്ടി വന്നു. എങ്കിലും ഇത്തരം ചില ക്വാറികൾ അനധികൃതമായി പ്രവർത്തിക്കുന്നത് കണ്ടെത്തിയതിനെ തുടർന്ന് അവ നിർത്തിവയ്പ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനധികൃത ക്വാറികൾ ക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**